**ശ്രീ. എൻ. എ. നെല്ലിക്കുന്ന് എം. എൽ. എ 22.01.2021 – ൽ അവതരിപ്പിക്കുന്ന കാസർഗോട്ടെ BHEL – EML അടച്ചുപൂട്ടിയത് സംബന്ധിച്ച സബ്മിഷനുള്ള മറുപടി**

കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ നിതി അയോഗിന്റെ ശുപാർശ പ്രകാരം വിറ്റഴിക്കുന്ന കേന്ദ്രസർക്കാരിന്റെ നയത്തിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ പ്രവർത്തിക്കുന്ന അത്തരം സംരംഭങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംരക്ഷിക്കുന്ന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. അതിന്റെ ഭാഗമായിട്ടാണ് BHEL – EML എന്ന സംയുക്ത സംരംഭത്തിലെ BHEL കൈവശമുള്ള 51 % ഓഹരികൾ JV agreement പ്രകാരം സംസ്ഥാനം വാങ്ങാൻ തയ്യാറായത്. തുടർന്ന് ഇത് സംബന്ധിച്ച് BHEL മായി നടത്തിയ പരസ്പര ചർച്ചയുടെ ഫലമായി തയ്യാറാക്കിയ "Agreement for sale" സംസ്ഥാന സർക്കാർ അംഗീകരിച്ച് BHEL ന്റെ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ കേന്ദ്രസർക്കാരിന്റെ ഭാഗത്ത് നിന്നും ഇത് സംബന്ധിച്ച് പ്രതികരണം ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഉന്നത തലത്തിൽ കത്തുകൾ അയയ്ക്കുകയും സംസ്ഥാന സർക്കാരിന്റെ ഉയർന്ന ഉദ്യോഗസ്ഥർ കേന്ദ്ര ഘന വ്യവസായ മന്ത്രാലയവുമായി നേരിട്ട് ബന്ധപ്പെടുകയും ചെയ്തിട്ടും അനുകൂലമായ അറിയിപ്പുകൾ ലഭിച്ചിട്ടില്ല. ലഭ്യമായ വിവരം അനുസരിച്ച് കേന്ദ്രത്തിലെ Department of Heavy Industries ന്റെ ഇക്കാര്യത്തിലുള്ള approval നായി BHEL കാത്തിരിക്കുകയാണ് എന്ന് അറിയുന്നു.

ഈ സംയുക്ത സംരംഭത്തിൽ ഭൂരിപക്ഷ ഓഹരിയുടെ ഉടമസ്ഥതയും ഭരണപരമായ നിയന്ത്രണവും കേന്ദ്രഗവൺമെന്റിൽ നിക്ഷിപ്തമാണ് എന്നാലും ജീവനക്കാരുടെയും അവരുടെ

കുടുംബത്തിന്റെയും അവസ്ഥ പരിഗണിച്ച് ഈ സംരംഭത്തിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകുന്നതിനായി ഈ ഗവൺമെന്റ് പല ഘട്ടങ്ങളിലായി 6.80 കോടി രൂപ അനുവദിച്ച് നൽകിയിരുന്നു.

BHEL – EML ൽ നിലവിൽ ഉൽപ്പാദനമൊന്നും നടക്കുന്നില്ല. 142 സ്ഥിരം ജീവനക്കാരും 18 ലേബർ കോൺട്രാക്റ്റ് തൊഴിലാളികളുമാണ് നിലവിലുള്ളത്.

ബഹു, കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ട കേസിലെ 13.10.2020 ലെ ഉത്തരവ് പ്രകാരം BHEL ഉം സംസ്ഥാന സർക്കാരും തമ്മിൽ ഒപ്പ് വെയ്ക്കേണ്ട "Agreement for sale" മ്മേൽ മൂന്ന് മാസത്തിനുള്ളിൽ തീരുമാനം എടുക്കുവാൻ കേന്ദ്രസർക്കാരിനോടും Ministry of Heavy Industries and Public Enterprises സെക്രട്ടറിക്കും നിർദ്ദേശം നൽകി ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ട് മൂന്നുമാസം കഴിഞ്ഞു. ഇപ്പോഴും അന്തിമ അനുമതി (Approval) ലഭിച്ചിട്ടില്ല. അനുമതി ലഭിച്ച ശേഷം സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ അനന്തരനടപടി സ്വീകരിക്കാനും ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. പക്ഷെ ഇക്കാര്യത്തിൽ BHEL നിന്നോ കേന്ദ്രസർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പിൽ നിന്നോ നാളിതുവരെ സംസ്ഥാനത്തിന് നിർദ്ദേശം ലഭിച്ചിട്ടില്ല.

**********